# യശ്വന്തപുരം – മംഗലാപുരം പുതിയ വണ്ടി ഓടിയില്ല

## അനിശ്ചിതത്വം തുടരുന്നു

**ബാംഗ്ലൂർ:** യാത്രക്കാരുടെ പ്രതീക്ഷകൾ കാറ്റിൽ പറത്തി യശ്വന്തപുരം – മംഗലാപുരം പ്രതിവാര എക്സ്പ്രസ്സിന്റെ കന്നിയോട്ടം മാറ്റിവെച്ചു. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 06565–66 എക്സ്പ്രസ്സിന്റെ ഞായറാഴ്ചത്തെ ഉദ്ഘാടന ഓട്ടമാണ് സാങ്കേതികകാരണങ്ങളെത്തുടർന്ന് ദക്ഷിണ–പശ്ചിമ റെയിൽവേ മാറ്റിയത്. ശനിയാഴ്ച രാവിലെ റെയിൽവേ ഇറക്കിയ പത്രക്കുറിപ്പിൽ വണ്ടി ഞായറാഴ്ച രാവിലെ പതിനൊന്നിന് പുറപ്പെടുമെന്ന് പറഞ്ഞിരുന്നു. വൈകിട്ടോടെ വണ്ടിയുടെ കന്നിയോട്ടം റദ്ദാക്കിയതായി പ്രഖ്യാപിച്ച് വീണ്ടും പത്രക്കുറിപ്പിറക്കി. ദക്ഷിണ റെയിൽവേ അധികൃതരോട് ആരാഞ്ഞപ്പോൾ വണ്ടി മുമ്പ് പ്രഖ്യാപിച്ചപോലെ ഞായറാഴ്ച രാവിലെ പതിനൊന്നിനുതന്നെ പുറപ്പെടുമെന്നാണ് അറിയിച്ചത്.

എന്നാൽ എല്ലാ പ്രഖ്യാപനങ്ങളെയും കാറ്റിൽപറത്തിയാണ് വണ്ടിയുടെ കന്നിയോട്ടം തത്കാലത്തേക്ക് മാറ്റിവെച്ചത്. ഓണവും റംസാനും അടുത്ത സാഹചര്യത്തിൽ മലബാറിലേക്ക് ഒരു വണ്ടികൂടി ഉണ്ടാകുമെന്ന യാത്രക്കാരുടെ പ്രതീക്ഷയാണ് ഇതോടെ താറുമാറായത്. രണ്ടാഴ്ചയ്ക്കുള്ളിൽ വണ്ടിയുടെ കന്നിയോട്ടം നടക്കുമെന്നും തീയതി ഉടൻതന്നെ അറിയിക്കുമെന്നും റെയിൽവേ അധികൃതർ പറഞ്ഞു. ലോക്സഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിൽ ഉദ്ഘാടനച്ചടങ്ങിന് രാഷ്ട്രീയ നേതാക്കളെ കിട്ടാനില്ലെന്നാണ് കന്നിയോട്ടം റദ്ദാക്കിയതിന് റെയിൽവേ നൽകുന്ന ഔദ്യോഗിക വിശദീകരണം. ആവശ്യത്തിന് കംപാർട്ട്മെന്റുകൾ ലഭ്യമല്ലാത്തതാണ് പ്രശ്നമായതെന്നും പറയുന്നു.

ആഗസ്റ്റ് 11 മുതൽ സ്ഥിരം സർവീസായി പുതിയ വണ്ടി ഓടിത്തുടങ്ങുമെന്ന മുമ്പത്തെ പ്രഖ്യാപനവും ഇതോടെ വെള്ളത്തിലായി. സ്ഥിരം സർവീസായിക്കഴിഞ്ഞാൽ വണ്ടി (16565) ഞായറാഴ്ചകളിൽ രാത്രി 11.55ന് യശ്വന്തപുരത്ത്നിന്ന് പുറപ്പെട്ട് അടുത്ത ദിവസം വൈകിട്ട് 4.40ന് മംഗലാപുരത്തെത്തും. മടക്കസർവീസ് (16566) രാത്രി എട്ടിന് മംഗലാപുരത്ത്നിന്ന് പുറപ്പെട്ട് അടുത്ത ദിവസം ഉച്ചയ്ക്ക് ഒന്നരയ്ക്ക് യശ്വന്തപുരത്തെത്തും. ഈ വണ്ടിക്ക് ബാനസവാടി, കെ.ആർ. പുരം, ബംഗാർപേട്ട്, കുപ്പം, സേലം, ഈറോഡ്, തിരുപ്പൂർ, കോയമ്പത്തൂർ, പാലക്കാട്, ഷൊർണൂർ, തിരൂർ, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ടാകും.